**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5063** **11-08-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഏത് വർഷം വരെ റേഷൻ കാർഡ് അനുവദിക്കപ്പെട്ടവർക്കാണ് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അപേക്ഷിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ; | (എ) | 2021 ഫെബ്രുവരി വരെ റേഷൻ കാർഡ് അനുവദിക്കപ്പെട്ടവർക്കാണ് ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷിക്കാൻ കഴിയുക. |
| (ബി) | പുതിയതായി റേഷൻ കാർഡ് ലഭിച്ചവർക്ക് ലൈഫ് മിഷനിൽ വീട് വയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ; വിശദീകരിക്കാമോ; | (ബി) | ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ എല്ലാവർക്കും ഭവന നിർമ്മാണത്തിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് 2020 ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ സെപ്റ്റംബർ 23 വരെയും തുടർന്ന് 2021 ഫെബ്രുവരി 12 മുതൽ 20 വരെയും അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിച്ച 9,20,261 അപേക്ഷകൾ തദ്ദേശസ്ഥാപനതലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് റേഷൻ കാർഡുള്ള എല്ലാ ഭവനരഹിതരെയും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 2020-2021 കാലയളവിൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷയിന്മേൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും പരിഗണിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ